മുദ്രകൾ

# ഒടുവിലത്തെ കിരീടാവകാശിയുടെ മരണം

**ഉസ്മാൻ** അർത്വഗറലിനെ അറിയുന്നവർ തുർക്കിയിൽ പോലും വളരെ ചുരുക്കം. അതിനാൽ അദ്ദേഹത്തിന്റെ മരണം ലോകമീഡിയയിൽ ഒരു സാദാ വാർത്ത പോലുമായില്ല. ചരിത്രത്തിൽ പ്രകമ്പനം സൃഷ്ടിക്കുകയും ചരിത്രഗതിയെ തന്നെ തിരിച്ചുവിടുകയും ചെയ്ത ഒരു ഭരണവംശത്തിന്റെ ഏറ്റവും ഒടുവിലത്തെ അവകാശിയായിരുന്നു 97-ാം വയസ്സിൽ ഇസ്തംബൂളിൽ അന്തരിച്ച ഉസ്മാൻ അർത്വഗറൽ. ഉസ്മാനി ഖിലാഫത്തിന്റെ പിന്തുടർച്ച അവകാശപ്പെടാവുന്ന ഏറ്റവും ഒടുവിലത്തെ ആൾ. ഉസ്മാനി ഖലീഫ അബ്ദുൽ ഹമീദ് രണ്ടാമന്റെ ചെറുമകൻ. 1924-ൽ കമാൽ അത്താതുർക്ക് ഉസ്മാനി ഖിലാഫത്തിനെ കടപുഴക്കിയില്ലായിരുന്നെങ്കിൽ 'അർത്വഗറൽ ഒന്നാമൻ' എന്നോ 'ഉസ്മാൻ അഞ്ചാമൻ' എന്നോ പേരിൽ ഇദ്ദേഹം ഭരണാധികാരിയാകുമായിരുന്നു.



■ ഉസ്മാൻ അർത്വഗറൽ

ചരിത്രത്തിലെ ആകസ്മികതയാവാം, ഉസ്മാനി സാമ്രാജ്യത്തിന് അടിത്തറയിട്ട ആളുടെ പേരും സുൽത്താൻ ഉസ്മാൻ അർത്വഗറൽ എന്നു തന്നെയായിരുന്നു. അത്താതുർക്ക് 600 വർഷത്തെ ഉസ്മാനി ഭരണം അവസാനിപ്പിക്കുമ്പോൾ അബ്ദുൽ മജീദ് രണ്ടാമനായിരുന്നു ഭരണാധികാരി. അപ്പോൾ അർത്വഗറലിന് പ്രായം വെറും പന്ത്രണ്ട്. ഓസ്ട്രിയയിൽ പഠിച്ചുകൊണ്ടിരുന്ന കാലമായിരുന്നു. ഉസ്മാനി കുടുംബത്തിലെ സകലരെയും പുതിയ ഭരണകൂടം തുർക്കിയിൽനിന്ന് പുറത്താക്കാൻ തീരുമാനിച്ചതിനാൽ അദ്ദേഹത്തിന് തുർക്കിയിലേക്ക് തിരിച്ചുചെല്ലാൻ കഴിഞ്ഞില്ല. പിന്നെ അദ്ദേഹം നേരെ പോയത് അമേരിക്കയിലേക്കായിരുന്നു. മുൻ അഫ്ഗാൻ രാജാവ് അമാനുല്ലാ ഖാന്റെ കുടുംബത്തിൽ പെട്ട സൈനബ് ത്വാർസിയെ വിവാഹം കഴിച്ച് അദ്ദേഹം അമേരിക്കയിൽ സ്ഥിരതാമസമാക്കി.

പിന്നീട് 1992-ൽ എഴുപത് വർഷത്തിനു ശേഷമാണ് അദ്ദേഹം തുർക്കി സന്ദർശിക്കുന്നത്. ഇക്കാലമത്രയും മറ്റൊരു രാജ്യത്തിന്റെയും പൗരത്വം സ്വീകരിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. ജന്മനാടിനോടും അതിന്റെ സംസ്കാരത്തോടും അത്ര ആഴത്തിലുള്ള ബന്ധമായിരുന്നു. 2004-ൽ തുർക്കി പ്രധാനമന്ത്രി ത്വയ്യിബ് ഉർദുഗാൻ പൗരത്വം നൽകിയപ്പോൾ മാത്രമാണ് ശിഷ്ടകാലം ഇസ്തംബൂളിൽ കഴിച്ചുകൂട്ടാൻ അദ്ദേഹം തയാറായത്.

തന്റെ തിരിച്ചുവരവിന് യാതൊരു തരത്തിലുള്ള രാഷ്ട്രീയ താൽപര്യങ്ങളുമില്ലെന്ന് അർത്വഗറൽ വ്യക്തമാക്കിയിരുന്നു. "ഉസ്മാനി ഖിലാഫത്ത് പുനഃസ്ഥാപിച്ച് കിരീടം വീണ്ടെടുക്കണമെന്ന് താങ്കൾക്ക് ആഗ്രഹമില്ലേ?"- *ന്യൂയോർക്ക് ടൈംസ്* പ്രതിനിധി അദ്ദേഹത്തോട് ചോദിച്ചു. "ഒരിക്കലുമില്ല. തുർക്കിയിൽ ജനാധിപത്യത്തിന്റെ പ്രയാണം ഏറക്കുറെ നല്ലനിലയിൽ തന്നെയാണല്ലോ നടക്കുന്നത്"- അർത്വഗറലിന്റെ മറുപടി. ■

# ദിയാംസ് ഇസ്‌ലാം സ്വീകരിച്ചെന്ന് ഫ്രഞ്ച് പത്രം

**ദിയാംസ്** ഫ്രാൻസിലെ പ്രശസ്ത പോപ് ഗായികമാരിലൊരാളാണ്. അവർ ഇസ്‌ലാം സ്വീകരിച്ചു എന്ന വാർത്ത പുറത്തുവിട്ടത് പ്രശസ്തരുടെ ഗോസിപ്പുകഥകൾക്ക് പ്രാമുഖ്യം നൽകുന്ന ഫ്രഞ്ചിലെ ഒരു പ്രമുഖ പത്രമാണ്. മറ്റു പത്രങ്ങൾ ഇത് ഏറ്റുപിടിക്കുകയോ ദിയാംസ് വാർത്ത സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ല. "വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് മറ്റു മതങ്ങളിലൊന്നും കാണാത്ത പരിഹാരങ്ങൾ ഞാൻ ഇസ്‌ലാമിൽ കണ്ടെത്തി" എന്നാണ് അവരെ ഉദ്ധരിച്ചുകൊണ്ട് പ്രസ്തുത പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

അടുത്തകാലത്ത് ദിയാംസിന്റെ ആൽബങ്ങൾ വൻ സാമ്പത്തിക വിജയം നേടിയിരുന്നു. ഇതുപക്ഷേ ഈ പോപ് ഗായികയുടെ പിരിമുറുക്കവും ഏകാന്തതയും വർധിപ്പിക്കുകയാണ് ചെയ്തത്. "വൈദ്യന്മാരുടെ പക്കൽ കാണാത്തത് ഞാൻ മതത്തിൽ കണ്ടു" എന്നാണ് ഇതേക്കുറിച്ച് അവർ പത്രത്തോട് പറഞ്ഞത്.

അശാന്തിയും പിരിമുറുക്കവും നിറഞ്ഞതായിരുന്നു ദിയാംസിന്റെ ബാല്യം. കത്തോലിക്കരായ മാതാപിതാക്കൾ നേരത്തേ വഴിപിരിഞ്ഞു. പതിനഞ്ചാം വയസ്സിൽ ദിയാംസ് ആത്മഹത്യക്ക് ശ്രമിച്ചു. ദിയാംസ് എന്ന പേരിൽ പ്രശസ്തയായ മിലാനി ജോർജിയ ദിയാംസ് (27) ഗ്രീക്ക് നഗരമായ അഥീനയിലാണ് ജനിച്ചത്. പിതാവ് ഗ്രീക്കുകാരനും മാതാവ് ഫ്രഞ്ചുകാരിയുമാണ്. അവൾക്ക് നാല് വയസ്സുള്ളപ്പോഴാണ് മാതാവുമൊത്ത് അവൾ പാരീസിലെ ഒരു ചേരി പ്രദേശത്തേക്ക് കുടിയേറിയത്.

വടക്കനാഫ്രിക്കയിൽനിന്നും മറ്റുമുള്ള കുടിയേറ്റക്കാരുടെ ജീവിതം നേരിട്ടറിയാവുന്ന ദിയാംസിന്റെ ഏറ്റവുമൊടുവിലത്തെ ആൽബമായ 'മരുഭൂമിയുടെ മക്കളിൽ' ചേരികളിലെ വംശീയ വിവേചനം തന്നെയാണ് മുഖ്യ പ്രമേയം. മൊറോക്കോ വംശജയായ കലാകാരി ആമാൽ ബിൻത്, ഹാസ്യ നടനായ ജമാൽ ദബൂസ് എന്നിവരുമായുള്ള സൗഹൃദം ഇസ്‌ലാമിനെ അടുത്തറിയാൻ ദിയാംസിന് അവസരമൊരുക്കിയിട്ടുണ്ടാവണം. കുടിയേറ്റ വിരുദ്ധരായ തീവ്ര വലതുപക്ഷ കക്ഷികളെ അതിരൂക്ഷമായി വിമർശിക്കുകയും ചെയ്യാറുണ്ട് ദിയാംസ്. ■

മുദ്രകൾ

# വഖ്ഫ് ബോർഡുകളിലെ തീവെട്ടിക്കൊള്ളക്കാർ

* **1997–ൽ** തമിഴ്നാട് വഖ്ഫ് ബോർഡ് ചെന്നൈയിലെ ട്രിപ്ലിക്കെയ്ൻ ഹൈ സ്ട്രീറ്റിൽ 1,710 ച. അടി സ്ഥലം വിൽക്കുന്നു, വെറും മൂന്ന് ലക്ഷം രൂപക്ക്.

* മുകേഷ് അംബാനിക്ക് 27 നില ബംഗ്ലാവ് പണിയാൻ മുംബൈയിലെ അൽട്ടമൗണ്ട് റോഡിൽ 4,532 ച. മീറ്റർ സ്ഥലം മഹാരാഷ്ട്ര വഖ്ഫ് ബോർഡ് 16 ലക്ഷം രൂപക്ക് വിട്ടുകൊടുക്കുന്നു.

* 500 കോടി രൂപ വിലമതിക്കുന്ന വഖ്ഫ് ബോർഡിന്റെ അഞ്ചേക്കർ സ്ഥലത്ത് ബാംഗ്ലൂരിലെ വിൻഡ്സർ മനോർ ഹോട്ടൽ പ്രവർത്തിക്കുന്നത് മാസാന്തം 12,000 രൂപ വാടകക്ക്.

തീവെട്ടിക്കൊള്ളയുടെ ഈ ലിസ്റ്റ് എത്ര വേണമെങ്കിലും ദീർഘിപ്പിക്കാവുന്നതേയുള്ളൂ. വഖ്ഫ് ഭൂമിയുടെ തിരിമറിയും അതിന്മേലുള്ള കൈയേറ്റവും മൊത്തത്തിൽ എടുത്താൽ ഇന്ത്യാ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഭൂമിതട്ടിപ്പ് വിവിധ വഖ്ഫ് ബോർഡുകൾക്ക് അവകാശപ്പെട്ടതായിരിക്കും. ഇന്ത്യയിൽ ഏകദേശം മൂന്ന് ലക്ഷം വഖ്ഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാല് ലക്ഷത്തോളം ഏക്കർ ഭൂമി വരുമിത്. മുസ്‌ലിം സമൂഹത്തിലെ പാവങ്ങളുടെയും അഗതികളുടെയും ഉന്നമനത്തിനു വേണ്ടി ദൈവഭക്തരും ഉദാരമതികളുമായ പൂർവികർ നീക്കിവെച്ചതാണ് ഈ സ്വത്തുക്കളിൽ വലിയൊരു പങ്കും. പക്ഷേ പാവങ്ങൾക്ക് ഇതിന്റെ പ്രയോജനമൊന്നും ലഭിക്കുന്നില്ല. വഖ്ഫ് ബോർഡുകളിൽ കയറിപ്പറ്റിയ ചിലർ പത്ത് വെള്ളിക്കാശിന് വഖ്ഫ് ഭൂമി ഭൂമാഫിയകൾക്ക് മറിച്ച് വിൽക്കുകയാണ്. എത്രയോ വർഷങ്ങളായി ഇത് തുടരുന്നു. ആരെങ്കിലും ഇതിനെ ചോദ്യം ചെയ്താൽ 'ഇസ്‌ലാം അപകടത്തിൽ' എന്ന് ആർത്തു വിളിച്ച് ഇക്കൂട്ടർ കാടിളക്കുകയും ചെയ്യും.

ഇതിനെക്കുറിച്ച് അന്വേഷിക്കാൻ രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ റഹ്മാൻ ഖാൻ അധ്യക്ഷനായി ഒരു സംയുക്ത പാർലമെന്ററി കമ്മിറ്റിയെ നിശ്ചയിച്ചിരുന്നു. സംസ്ഥാനങ്ങളിലെ വഖ്ഫ് ബോർഡുകൾ അപ്പടി പുനഃസംഘടിപ്പിക്കണമെന്നാണ് കമ്മിറ്റി മുന്നോട്ടുവെച്ച പ്രധാന നിർദേശം. പക്ഷേ കാര്യമായ ഒരു നടപടിയും ഉണ്ടായില്ലെന്ന് റഹ്മാൻ ഖാൻ ഖേദത്തോടെ ഓർക്കുന്നു.



■ മുംബൈയിലെ വഖ്ഫ് ഭൂമിയിൽ ഉയരുന്ന മുകേഷ് അംബാനിയുടെ ബംഗ്ലാവ്

"വഖ്ഫ് സ്വത്തുക്കളിൽ 70 ശതമാനവും അന്യാധീനപ്പെട്ടുപോയാൽ തന്നെ, ബാക്കി മുപ്പത് ശതമാനം സ്വത്ത് കൊണ്ട് മുസ്‌ലിം സമൂഹത്തിന്റെ ഒട്ടു വളരെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. അത്രക്ക് ബൃഹത്തായ ഒരു ആസ്തിയാണത്"- റഹ്മാൻ ഖാൻ പറയുന്നു.

സമുദായ നേതൃത്വത്തിലെ പലരും ഈ പങ്കുകച്ചവടത്തിന്റെ ഗുണഭോക്താക്കളാണ് എന്നതാണ് വാസ്തവം. മുസ്‌ലിം ജനസാമാന്യത്തിനാകട്ടെ വഖ്ഫ് സ്വത്തുക്കൾക്ക് എന്ത് സംഭവിക്കുന്നു എന്നതിനെക്കുറിച്ച് യാതൊരു ധാരണയുമില്ല. വഖ്ഫ് കൈയേറ്റം അനുസ്യൂതം തുടരാൻ ഇത് വഴിവെക്കുന്നു. ഈ അഴിമതിക്കഥകൾ പുറത്തുകൊണ്ടുവരുകയാണ് *ഔട്ട് ലുക്ക്* വാരികയിൽ സബാ നഖ്‌വി എഴുതിയ അന്വേഷണാത്മക റിപ്പോർട്ട് (2009 സെപ്റ്റംബർ 21).

വഖ്ഫ് സ്വത്തുക്കളുടെ കാര്യക്ഷമമായ വിനിയോഗത്തിന് കേരളം ഏറക്കുറെ മാതൃകയാണെന്നും അതുപക്ഷേ ഒറ്റപ്പെട്ടതാണെന്നും റിപ്പോർട്ട് വിലയിരുത്തുന്നു. ■

## അൽമനാർ അറുപതിലേക്ക്

**കേരളാ** നദ്‌വത്തുൽ മുജാഹിദീൻ മുഖപത്രമായ അൽമനാർ മാസികയും അറുപതിലേക്ക് കാലെടുത്തുവെക്കുന്നു. ആ സന്ദർഭത്തിൽ മാസികയുടെ മുഖപ്രസംഗത്തിൽ നിന്ന് (2009 സെപ്റ്റംബർ): 'അൽമനാർ മാസിക അതിന്റെ ജൈത്രയാത്രയിൽ ആറു പതിറ്റാണ്ടിനോടടുക്കുകയാണ്. തുടക്കത്തിൽ ഇടക്കിടെ മുടങ്ങിയും മുന്നോട്ട് നീങ്ങിയും ആരംഭിച്ച അൽമനാർ രണ്ടു മൂന്ന് വർഷത്തെ ബാലാരിഷ്ടതകൾക്ക് ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുടങ്ങാതെ തന്നെ പ്രസിദ്ധീകരിച്ചു പോന്നു. വിശുദ്ധ ഖുർആനും നബിചര്യയും അടിസ്ഥാനപ്പെടുത്തി മുസ്‌ലിംകളുടെ മാതൃകാ സമൂഹമായ സലഫുകളുടെ വഴി മലയാളത്തിൽ പ്രചരിപ്പിക്കുക എന്ന ഒരൊറ്റ ലക്ഷ്യമാണ് അൽമനാറിന് അന്നും ഇന്നും എന്നും നിർവഹിക്കാനുള്ള ദൗത്യം.....വായനക്കാരെ ഭാവനാ വിലാസത്തിലേക്ക് വലിച്ചിഴക്കുന്ന ഫീച്ചറുകളോ രസിപ്പിക്കുന്ന സാഹിത്യ കൗതുകങ്ങളോ ഒന്നും അൽമനാറിന്റെ അജണ്ടയിൽ ഒരു കാലത്തുമുണ്ടായിട്ടില്ല. അൽമനാർ ശ്രദ്ധിച്ചത് മനുഷ്യ സമൂഹത്തിന്റെ ആത്യന്തികമായ രക്ഷാമാർഗങ്ങളെപ്പറ്റിയാണ്. അല്ലാഹു മനുഷ്യന് ഭൂമിയിൽ ജീവിത വിഭവങ്ങളൊരുക്കിക്കൊടുത്തു. അതിൽ കൂടുതൽ നേടിയവരും കുറഞ്ഞവരുമുണ്ട്. അധികാരികളും പ്രജകളും ധനികരും ദരിദ്രരുമുണ്ട്. അവരുടെയൊക്കെ മുഴുവൻ പ്രശ്നങ്ങളും ചർച്ച ചെയ്യാനും പരിഹരിക്കാനും സംവദിക്കാനും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വേദികളുണ്ട്. അവയിലൊന്നും അൽമനാർ നേരിട്ടിടപെടാറില്ല. എന്നാൽ ഈ മേഖലകളിലെല്ലാം എല്ലാവരും അറിഞ്ഞിരിക്കേണ്ട ആത്മീയ-ധാർമിക നിയമങ്ങളും നിർദേശങ്ങളും വിധിവിലക്കുകളും നേരെ ചൊവ്വെ മനുഷ്യനെ പഠിപ്പിക്കാനുള്ള മീഡിയ വളരെ ക്കുറവാണ്. അത് പരിഹരിക്കുകയാണ് അൽമനാറിന്റെ ദൗത്യം'- അത് പരിഹരിക്കാൻ അൽമനാറിന് കഴിയട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം. അറുപതിലേക്ക് കാലെടുത്തുവെക്കുന്ന മാസികക്ക് സർവവിധ ഭാവുകങ്ങളും. ■